**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കേരള സംസ്ഥാന വഖഫ് ബോർഡ് - അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് 2023-24 - അവസാന ഗഡു റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1047/2024/RD തീയതി,തിരുവനന്തപുരം, 18-03-2024

---

പരാമർശം:-

1. 13.06.2023 തീയതിയിലെ സ.ഉ (സാധാ) നം. 2203/2023/റവ നമ്പർ സർക്കാർ ഉത്തരവ്.
2. 03.10.2023 തീയതിയിലെ സ.ഉ (സാധാ) നം. 3510/2023/റവ നമ്പർ സർക്കാർ ഉത്തരവ്.
3. വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 18.09.2023, 18.01.2024 തീയതികളിലെ ബി5-804/2023 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

2023-24 സാമ്പത്തിക വർഷം സംസ്ഥാന വഖഫ് ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്ക് വേണ്ടിയുള്ള ധനസഹായമായി സർക്കാർ ബഡ്ജറ്റിൽ "2250-00-103-89 അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ടു വഖഫ് ബോർഡ്" എന്ന ശീർഷകത്തിൽ 79.20 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി.

2] 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയ 79.20 ലക്ഷം രൂപയിൽ 15,84,000/-, 14,25,600/- എന്നിങ്ങനെ രണ്ട് ഗഡുക്കളായി അനുവദിച്ച 30,09,600/- രൂപ കിഴിച്ച് ബാക്കി 49,10,400/- രൂപ ഒറ്റത്തവണയായും നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ വഖഫ് ബോർഡിൻറെ വർദ്ധിച്ചുവരുന്ന ഭരണപരമായ ചെലവുകൾ നിർവ്വഹിക്കുന്നതിനായി അഡീഷണൽ ഗ്രാൻറായി 2.208 കോടി രൂപയും അനുവദിച്ച് നൽകണമെന്ന് വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 സാമ്പത്തിക വർഷം കേരള സംസ്ഥാന വഖഫ് ബോർഡിന്റെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്ക് വേണ്ടിയുള്ള ധനസഹായമായി ബഡ്ജറ്റിൽ "2250-00-103-89 അഡ്മിനിസ്റ്റേറ്റിവ് ഗ്രാന്റ് ടു വഖഫ് ബോർഡ്" എന്ന ശീർഷകത്തിൽ വകയിരുത്തിയ 79.20 ലക്ഷം രൂപയിൽ അവസാന ഗഡുവായി 49,10,400/- രൂപ (നാല്പത്തിയൊൻപത് ലക്ഷത്തി പതിനായിരത്തി നാനൂറ് രൂപ മാത്രം) ഒറ്റത്തവണയായി റിലീസ് ചെയ്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

4] തിരുവനന്തപുരം ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ റവന്യൂ (എഫ്) വകുപ്പ് Drawing and Disbursing officer യഥാവിധി മേലൊപ്പിട്ട ബിൽ ധനകാര്യ വകുപ്പിന്റെ ways and means clearance ന് വിധേയമായി സെക്രട്ടറിയേറ്റ് സബ് ട്രഷറിയിൽ ഹാജരാക്കി വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് പ്രസ്തുത

തുക കൈപ്പറ്റാവുന്നതും നിയമപ്രകാരം ആവശ്യാർത്ഥം ടി തുക വിനിയോഗിക്കാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, കേരള സ്റ്റേറ്റ് വഖഫ് ബോർഡ്, എറണാകുളം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, സെക്രട്ടറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (15.03.2024-ലെ വ്യയം-ഡി1/163/2023/ധന പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pushpavally B
Date: 19-03-2024 10:26:45

സെക്ഷൻ ഓഫീസർ